## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ ഒഴിവാക്കി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 29/08/2020 ലെ 40-3/2020-DM- I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 07/09/2020 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 07-09-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ **30.09.2020 വരെ** ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ നിന്നും ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച ശുപാർശ പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടെൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ പ്രദേശങ്ങളിൽ കൂടുതലായി സമ്പർക്കത്തിലൂടെയുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡുകൾ കണ്ടെൻമെൻറ് മേഖലകളിൽനിന്നും ഒഴിവാക്കി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ് / മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | ഉപ്പുതറ ഗ്രാമപഞ്ചായത്ത് | 16 -ാം വാർഡിലെ ചീന്തലാർ എസ്റ്റേറ്റ് ഒന്നാം ഡിവിഷൻ. |
| 2. | ഉടുമ്പഞ്ചോല ഗ്രാമപഞ്ചായത്ത് | 6 , 7 വാർഡുകളിലെ നമരി അംഗൻവാടി മുതൽ ശാന്തരുവിത്തോട് വരെയുള്ള ഭാഗം. |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ കണ്ടെയ്ൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | കരുണാപുരം ഗ്രാമ പഞ്ചായത്ത് | a) 1 -ാം വാർഡിലെ തൂക്കുപാലം നൂറുൽഹുദാ ജമാഅത്ത് മുസ്ലിം പള്ളിയുടെ 250 മീറ്റർ ചുറ്റളവിലുള്ള ഭാഗം.<br>b) 1 -ാം വാർഡിലെ താജ് ഡ്രൈവിംഗ് സ്കൂൾ മുതൽ എസ് ബി ഐ തൂക്കുപാലം ബ്രാഞ്ച് വരെയുള്ള ഭാഗം. |
| 2. | ആലക്കോട് ഗ്രാമ പഞ്ചായത്ത് | a) 5 -ാം വാർഡിലെ - അഞ്ചിരിക്കവല മുതൽ ഒരുമ അസോസിയേഷൻ വരെയുള്ള ഭാഗം.<br>b) 4, 5 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന കലയന്താനി കുരിശുപള്ളിക്ക് 300 മീറ്റർ ചുറ്റളവിലുള്ള ഭാഗം |
| 3. | വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് | 1,2,3,15 വാർഡുകളിലെ<br>a) കലയന്താനി മുതൽ ഇരുക്കുപാലം - മെയിൻ റോഡ് വരെയുള്ള ഭാഗം<br>b) ഇളംദേശം ടൌൺ മുതൽ വെട്ടിമറ്റം വരെയും വെട്ടിമറ്റം മുതൽ തേൻമാരി റോഡ് വരെയും ഉള്ള ഭാഗം. |
| 4. | കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് | 5,6 ,7,11 വാർഡുകൾ പൂർണ്ണമായും |
| 5. | കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | 8 -ാം വാർഡിലെ നരിയംപാറ ജംഗ്ഷന് 100 മീറ്റർ ചുറ്റളവിലുള്ള ഭാഗം. |
| 6. | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | a) 10, 12 വാർഡുകളിലെ റോയൽ ഇൻ മുതൽ ബിസ് മി ടെയ് ലറിംഗ് വരെയുള്ള ഭാഗം.<br>b) 12, 13 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന മുണ്ടിയെരുമ - |

| | | |
|---|---|---|
| | | കോമ്പയാർ റോഡിൽ മുണ്ടിയെരുമ ജംഗ്ഷനിൽ നിന്നും 150 മീറ്റർ അകലെയുള്ള പാലം മുതൽ മൂന്നുമുക്ക് ജംഗ്ഷൻ വരെയുള്ള റോഡിന് ഇരുവശങ്ങളിലുമുള്ള ഭാഗം. |
| 7. | ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | 6 -ാം വാർഡ് പൂർണ്ണമായും |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(07.09.2020)** മുതൽ കൺടെയിൻമെന്റ് മേഖലയിൽ നിന്നും പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വാർഡുകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്